GE-DA2/155/2023-G.EDN

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ്-കോഴിക്കോട് ജില്ലയിലെ ചെമ്പുകടവ് ഗവ.യു.പി സ്കൂളിലെ അധ്യാപകരായിരുന്ന ശ്രീ.ഹിഷാം.എം.എച്ച്, ശ്രീ.പ്രത്യുഷ് പ്രകാശ് പി.എം- എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി-ഔപചാരിക അന്വേഷണത്തിനായി പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടർ ഓഫ് പബ്ളിക് ഇൻസ്ട്രക്ഷൻ ജനറൽ & വിജിലൻസിനെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

---

**പൊതു വിദ്യാഭ്യാസ (ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2453/2024/GEDN തീയതി,തിരുവനന്തപുരം, 27-03-2024

---

പരാമർശം:-

1. 27.02.2023ലെ സ.ഉ(സാധാ) നം 1584/2023/പൊവിവ
2. 31/07/2023 ലെ GE-DA2/155/2023-G.EDN നം കുറ്റപത്രം, കുറ്റാരോപണ പത്രിക
3. ശ്രീ.ഹിഷാം.എം.എച്ച് സമർപ്പിച്ച 02.09.2023 ലെ പ്രതിവാദപത്രിക
4. ശ്രീ.പ്രത്യുഷ് പ്രകാശ്.പി.എം സമർപ്പിച്ച 07.09.2023 ലെ പ്രതിവാദപത്രിക
5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 28.02.2024-ലെ DGE/5358/2023/VB3 നം കത്ത്
6. 11.03.2024 ലെ സ.ഉ(സാധാ) നം 1982/2024/പൊവിവ

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ ചെമ്പുകടവ് ഗവ: യു പി സ്കൂളിലെ അനാരോഗ്യ പ്രവർത്തനങ്ങൾ സംബന്ധിച്ച് തിരുവമ്പാടി എം.എൽ.എ ശ്രീ.ലിന്റോ ജോസഫ് സർക്കാരിൽ നൽകിയ കത്തിനോടൊപ്പം ലഭ്യമായ പരാതികൾ സംബന്ധിച്ച് ചെമ്പുകടവ് ഗവ. യു പി സ്കൂളിൽ

സർക്കാർ തലത്തിൽ നേരിട്ട് പരിശോധന നടത്തുകയുണ്ടായി.

2. ചെമ്പുകടവ് ഗവ യു.പി സ്കൂളിൽ നടത്തിയ പരിശോധനയിൽ ശ്രീ.ഹിഷാം എം.എച്ച്. , ശ്രീ. പ്രത്യുഷ് പ്രകാശ് പി.എം. എന്നീ അദ്ധ്യാപകർ സ്കൂളിന്റെ സമാധാനാന്തരീക്ഷം തകർക്കുക, സാമ്പത്തിക ക്രമക്കേട് നടത്തുക, അനധികൃതമായി സ്കൂളിൽ ഹാജരാകാതിരിക്കുക തുടങ്ങിയ പ്രവൃത്തികൾ നടത്തിയതായി ബോധ്യപ്പെട്ടു. സർക്കാർ സ്കൂളുകളെ സംബന്ധിച്ച് പൊതു സമൂഹത്തിനുള്ള മതിപ്പ് ഇല്ലാതാക്കുന്ന പ്രവൃത്തി ശ്രീ. ഹിഷാം എം. എച്ച്, ശ്രീ പ്രത്യുഷ് പ്രകാശ് പി. എം. എന്നി അദ്ധ്യാപകരുടെ ഭാഗത്ത് നിന്ന് ഉണ്ടായത് മൂലം ഗുരുതരമായ അച്ചടക്കലംഘനം സംഭവിച്ചതായി ബോധ്യപ്പെട്ടതിനാൽ ടി അദ്ധ്യാപകർക്കെതിരെ KCS(CC&A ) Rules 1960,ചട്ടം 15 പ്രകാരം കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ടിയാളുകളെ പരാമർശം (1) പ്രകാരം സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്തിരുന്നു. ടിയാളുകളുടെ സസ്പെൻഷൻ പരാമർശം(6) പ്രകാരം ദീർഘിപ്പിച്ചിട്ടുണ്ട്.

3. ടിയാളുകൾക്കെതിരെ KCS(CC&A ) Rules 1960 ചട്ടം 15 പ്രകാരം കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം (2) പ്രകാരം നല്കിയ കുറ്റപത്രം, കുറ്റാരോപണ പത്രികകളിലെ ചാർജ്ജുകൾ പരാമർശം (3),(4) പ്രകാരം സമർപ്പിച്ച പ്രതിവാദപത്രികയിൽ നിഷേധിയ്ക്കുകയുണ്ടായി. ടിയാളുകൾക്കെതിരെയുള്ള ചാർജ്ജുകൾ നിലനിൽക്കുന്നതാണോയെന്നത് സംബന്ധിച്ച് കൂടുതൽ തെളിവുകൾ ശേഖരിച്ച് വിശദമായി അന്വേഷണം നടത്തേണ്ടതുണ്ട് എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (5) പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ ഹിഷാം എം എച്ച്, ശ്രീ പ്രത്യുഷ് പ്രകാശ് പി. എം. എന്നിവർക്കെതിരെ KCS(CC&A ) Rules 1960,ചട്ടം 15 പ്രകാരം ആരംഭിച്ച അച്ചടക്കനടപടി തുടരാനും ചട്ടപ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തുന്നതിന് ADPI, ജനറൽ & വിജിലൻസിനെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു. അന്വേഷണാധികാരി ഒരു മാസത്തിനകം റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

GEETHA GOPINATH

ഡെപ്യൂട്ടി സെക്രട്ടറി

1. പൊതുവിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം
2. ADPI, വിജിലൻസ്(പരാമർശം 2,3,4 സഹിതം)
3. ശ്രീ ഹിഷാം എം എച്ച് /ശ്രീ പ്രത്യുഷ് പ്രകാശ് പി എം.(പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
4. പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ , കേരള, തിരുവനന്തപുരം
5. അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), കേരള, തിരുവനന്തപുരം
6. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി
7. വെബ്(കൈറ്റ്സ്/ന്യൂ മീഡിയ)

ഉത്തരവിൻ പ്രകാരം

Signed by
Dhanya M B
Date: 01-04-2024 10:48:12
സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

പൊതു വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്